കേരള സർക്കാർ

# പത്രക്കുറിപ്പ് 2

18/06/2015 – വ്യാഴം

ജില്ലാ ഇൻഫർമേഷൻ ഓഫീസ്, കോട്ടയം
ഫോൺ: 0481 2562558 Website: www.prd.kerala.gov.in

### മീനച്ചിൽ-മണിമല-മൂവാറ്റുപുഴ നദികളുടെ സംരക്ഷണം:

## കോട്ടയത്തെ നദികളിൽ കോലിഫോം ബാക്ടീരിയയുടെ അളവ് കൂടുതലെന്ന് പഠനം

കോട്ടയത്തെ നദികളിൽ കോലിഫോം ബാക്ടീരിയയുടെ അളവ് കൂടുതലെന്ന് സി.ഡബ്ലിയൂആർഡിഎം, സെന്റ് ജോസഫ് കോളേജ് ഓഫ് എഞ്ചിനിയറിങ് എന്നിവയുടെ പഠന റിപ്പോർട്ടുകൾ. വെള്ളത്തിൽ സീറോ കോലിഫോം ആണ് വേണ്ടത്. 10 വരെ ആയാൽ ദോഷകരല്ല. അതിൽ കൂടുതലായാൽ ആരോഗ്യത്തെ ബാധിക്കും. ജില്ലയിലെ നദികളിൽ നിന്ന് ശേഖരിച്ച സാമ്പിളുകൾ പരിശോധിച്ചതിൽ കോളിഫോം അളവ് 1500ലും കൂടുതലാണ്. സി.ഡബ്ലിയൂആർഡിഎം സയന്റിസ്റ്റ് ജോർജ് എബി, സെന്റ് ജോസഫ് കോളേജ് ഓഫ് എഞ്ചിനിയറിങിലെ പ്രൊഫ. പി.വി. വർക്കി എന്നിവരുടെ നേതൃത്വത്തിൽ നടത്തിയ രണ്ട് വ്യത്യസ്ത പഠന റിപ്പോർട്ടുകളാണ് ഇത് വ്യക്തമാക്കുന്നത്. ജില്ലയിൽ ഒരു ദിവസം അലോപ്പതി മരുന്നിന് നാലു മുതൽ അഞ്ച് കോടി രൂപ വരെ ചെലവാക്കുന്നതായി പുനർജനിയുടെ അന്വേഷണ റിപ്പോർട്ട് പറയുന്നു. സംസ്ഥാന മന്ത്രിസഭയുടെ നാലാംവാർഷികാഘോഷത്തിന്റെ ഭാഗമായി ജില്ലാ ഭരണകൂടം, ഇൻഫർമേഷൻ-പബ്ലിക് റിലേഷൻസ് വകുപ്പ്, ജില്ലാ പ്ലാനിങ്ങ് ഓഫീസ് എന്നിവ സംയുക്തമായി കോട്ടയം കെ.പി.എസ് മേനോൻ ഹാളിൽ സംഘടിപ്പിച്ച 'മീനച്ചിൽ-മണിമല-മൂവാറ്റുപുഴ നദികളുടെ സംരക്ഷണം' എന്ന സെമിനാറിൽ അവതരിപ്പിച്ച പ്രബന്ധങ്ങളിലാണ് ഈ കണ്ടെത്തലുകൾ.

ഡോ. എൻ. ജയരാജ് എംഎൽഎ സെമിനാർ ഉദ്ഘാടനം ചെയ്തു. ജില്ലാ കളക്ടർ യു.വി.ജോസ് മോഡറേറ്ററായി. ഫാ. തോമസ് പീലിയാനിക്കൽ, എം.ജെ. ശിവദാസ്, രാജു ഡി. കൃഷ്ണപുരം, കെ.കെ. അൻസാർ തുടങ്ങിയവർ ചർച്ചയിൽ പങ്കെടുത്തു. ജില്ലാ പ്ലാനിങ്ങ് ഓഫീസർ കെ.ആർ മോഹനൻ സ്വാഗതവും ജില്ലാ ഇൻഫർമേഷൻ ഓഫീസർ നന്ദിയും പറഞ്ഞു.

(കെ.ഐ.ഒ.പി.ആർ-1089/15)

## വിവിധ വകുപ്പുകളുടെ വികസന ഫോട്ടോ പ്രദർശനം ശ്രദ്ധേയമായി

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ ജില്ലയിലെ വിവിധ വകപ്പുകളുടെ ഫോട്ടോ പ്രദർശനം ജനശ്രദ്ധ ആകർഷിച്ചു. ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ്, കൃഷി, മൃഗ സംരംക്ഷണം, മണ്ണു സംരക്ഷണം, പൊതു വിദ്യാഭ്യാസം, പട്ടിക ജാതി വികസനം, ക്ഷീര വികസനം, സഹകരണം, ഫിഷറീസ്, ടൂറിസം, ജില്ലാ എംപ്ലോയ്മെന്റ് ഓഫീസ്, ജില്ലാ വ്യവസായ കേന്ദ്രം, ഭാരതീയ ചികിത്സാ സമ്പ്രദായം,

(......2)

മറ്റ് വകുപ്പുകൾ എന്നിവ ജില്ലയിൽ നടത്തിയ നാലു വർഷത്തെ വികസന പ്രവർത്തനങ്ങളുടെ ഫോട്ടോ പ്രദർശനമാണ് ശ്രദ്ധേയമായത്. വകുപ്പു തലവന്മാരാണ് പ്രദർശനത്തിന് നേതൃത്വം നൽകിയത്. 500 ലേറെ ഫോട്ടോകളാണ് പ്രദർശനത്തിൽ ഉണ്ടായിരുന്നത്. വനം ഗതാഗത വകുപ്പു മന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണൻ, എംഎൽഎമാരായ സി.എഫ്. തോമസ്, ഡോ. എൻ. ജയരാജ്, മോൻസ് ജോസഫ്, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് നിർമ്മല ജിമ്മി, മുനിസിപ്പൽ ചെയർമാൻ കെ.ആർ.ജി വാര്യർ, ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ബിജു പുന്നത്താനം, കൗൺസിലർമാരായ എൻഎസ് ഹരിശ്ചന്ദ്രൻ, സിൻസി പാറേൽ, ജില്ലാ പഞ്ചായത്തംഗം അഡ്വ ഫിൽസൺ മാത്യു തുടങ്ങിയവർ പ്രദർശനം കാണാനെത്തി.

**(കെ.ഐ.ഒ.പി.ആർ-1090/15)**

**(അവസാനിച്ചു)**